പേരാമ്പ്ര താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടി

5 [1344] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ആസ്ഥാനമായി താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടംവരെ എത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) താലൂക്ക് രൂപീകരണത്തിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പുതിയ താലൂക്ക് എപ്പോൾ നിലവിൽ വരുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ)—(സി) താലൂക്കുകളുടേയും വില്ലേജുകളുടേയും പുനഃസംഘടനയെക്കുറിച്ചു പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ്സ്. സുന്ദരേശനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. എന്നാൽ ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ ചെയർമാനായി നിയമിതനായതിനാൽ അദ്ദേഹത്തിന് റിപ്പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞില്ല. പുതിയ കമ്മീഷൻ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

റവന്യൂ വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി

6 [1347] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ സംസ്ഥാനതല സീനിയോറിറ്റി സംബന്ധിച്ചുള്ള ഫയൽ തീർപ്പാക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പുനഃസംഘടന നിലവിൽ വന്നപ്പോൾ ക്ലാർക്കുമാർക്ക് സംസ്ഥാനതല സീനിയോറിറ്റി നിലവിൽ വരുത്തി ടൈപ്പിസ്റ്റ് വിഭാഗത്തെ ഒഴിവാക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി സംബന്ധമായ ഫയൽ തീർപ്പാക്കുന്നതിന് കോടതി ഉത്തരവിലൂടെ സമയ പരിധി നൽകിയിട്ടുണ്ടോ;

(ഡി) ഇത് എന്നത്തേക്ക് തീർപ്പാക്കാൻ കഴിയുമെന്ന വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിലെ ടൈപ്പിസ്റ്റുമാരുടെ സംസ്ഥാന തല സീനിയോറിറ്റി സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാരം, നിയമം എന്നീ വകുപ്പുകളുടെ പരിശോധനയും പി.എസ്.സി.യുമായുള്ള കൂടിയാലോചനയും ആവശ്യമുള്ളതിനാലാണ് ബന്ധപ്പെട്ട ഫയൽ തീർപ്പാക്കാൻ കഴിയാതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുനഃസംഘടന നിലവിൽ വന്നപ്പോൾ ടൈപ്പിസ്റ്റു വിഭാഗത്തിനുകൂടി സംസ്ഥാനതല സീനിയോറിറ്റി അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നിലവിലില്ലാതിരുന്നതിനാലാണ് ടൈപ്പിസ്റ്റ് വിഭാഗത്തെ ഒഴിവാക്കിയത്.

(സി) ഇല്ല.

(ഡി) സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനുശേഷം ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയുന്നതാണ്.

ലക്ഷംവീട് പുനർനിർമ്മാണം

7 [1354] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെയുള്ള ഇരട്ടലക്ഷം വീടുകൾ പ്രത്യേകം പ്രത്യേകമാക്കി നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ആദ്യഘട്ട പുനർനിർമ്മാണത്തിനായി കേരളമൊട്ടാകെ എത്ര ലക്ഷം വീടുകൾ തെരഞ്ഞെടുക്കുന്നതിനാണ് സർക്കാർ പദ്ധതിയിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഇതിനായി വേണ്ടിവരുന്ന തുക ഏതെല്ലാം മേഖലകളിലൂടെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കാമോ;

(ഡി) ലക്ഷംവീട് നിർമ്മാണ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നത് ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ;

(ഇ) 2005-ലെ മഴക്കാലം ആരംഭിക്കുന്നതിനുമുമ്പ് പുനർനിർമ്മാണം പൂർത്തീകരിക്കുവാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004-2005 സാമ്പത്തിക വർഷത്തിൽ 2500 വീടുകളുടെ നവീകരണമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഒരു വീടിന്റെ നവീകരണത്തിന് 40,000 രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ 50% അതായത് 20,000 രൂപ സന്നദ്ധ സംഘടന/തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി കണ്ടെത്തേണ്ടതും ബാക്കി (50%) 20,000 രൂപ സർക്കാർ സഹായധന (സബ്സിഡി)വുമാണ്.

(ഡി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഇ) 2005 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly